**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1329** **14-03-2022 - ൽ മറുപടിയ്ക്ക്**

**പാഠപുസ്തക വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പാഠപുസ്തക വിതരണത്തിന്റെ ചുമതലയുള്ള കെ.ബി.പി.എസ്., പാഠപുസ്തക വിതരണത്തിന് മാത്രമായി 2018-19 വർഷം മുതൽ എത്ര തുക ചെലവഴിച്ചു എന്നതിന്റെ കണക്ക് അദ്ധ്യയന വർഷം തിരിച്ച് അറിയിക്കുമോ; | (എ) | പാഠപുസ്തക വിതരണത്തിന് മാത്രമായി കെ.ബി.പി.എസ് 2018-19 മുതൽ ചുവടെ പറയുന്ന പ്രകാരം തുകകൾ ചിലവഴിച്ചിട്ടുണ്ട്. നം. വർഷം തുക റിമാർക്സ് 1 2018-19 6,47,94,350/- 2 2019-20 7,01,60,797/- 3 2020-21 4,93,10,512/- 4 2021-22 7,13,65,525/ ചെലവുകൾ പൂർത്തീക രിച്ചിട്ടില്ല |
| (ബി) | പാഠപുസ്തക വിതരണത്തിന്റെ എന്തെങ്കിലും ചുമതലകൾ കെ.ബി.പി.എസ് അല്ലാതെ വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകൾ നിർവ്വഹിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ഓരോ വർഷവും മുൻ വർഷത്തെ കുട്ടികളുടെ എണ്ണത്തിനനസരിച്ചാണ് പാഠപുസ്തകങ്ങളുടെ ഇൻഡന്റ് സമർപ്പി ക്കുകയും പാഠപുസ്തകങ്ങൾ അച്ചടിക്ക കയും ചെയ്യുന്നത്. അദ്ധ്യയനം ആരംഭി ക്കുന്നതിന് മുന്നേ പുസ്തക വിതരണം കെ.ബി.പി.എസ് പൂർത്തീകരിക്കുകയും ആറാം പ്രവർത്തിദിന കണക്ക് പ്രകാരം കുട്ടികളുടെ എണ്ണത്തിൽ വർദ്ധനയോ / കുറവോ ഉണ്ടാകുന്ന സാഹചര്യം ഉള്ളതിനാൽ സംസ്ഥാന പാഠപുസ്തക ആഫീസ് / വിദ്യാഭ്യാസ ഉപഡയറക്ടർ തലം / ഉപജില്ലാ ഓഫീസ് എന്നിവ മുഖേന പുന:ക്രമീകരണങ്ങളും അധിക പുസ്തക വിതരണവും നടത്താറുണ്ട്. |
| (സി) | പാഠപുസ്തക വിതരണം കെ.ബി.പി.എസിനെ ഏൽപ്പിക്കുന്നതിന് മുൻപുള്ള സംവിധാനത്തിൽ എത്ര രൂപയാണ് വർഷം തോറും ചെലവഴിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | 2010-11 അദ്ധ്യയന വർഷം മുതലാണ് പാഠപുസ്തക വിതരണം കെ.ബി.പി.എസ്-നെ ഏൽപ്പിച്ച് സർക്കാർ ഉത്തരവായി ട്ടുള്ളത്. ആയതിന് മുന്നേയുള്ള തുടർച്ച യായ 4 വർഷങ്ങളിലെ വകുപ്പുതല ത്തിൽ നടത്തിയ വിതരണത്തിന്റെ ചെലവുകൾ ചുവടെ ചേർക്കുന്നു. നമ്പർ വർഷം തുക 1 2006-07 82,80,500/- 2 2007-08 87,96,576/- 3 2008-09 1,37,51,148/- 4 2009-10 1,36,83,756/- |

സെക്ഷൻ ഓഫീസർ